## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3896** **21.10.2016 ൽ മറുപടിയ്ക്ക്**

## "കുട്ടനാട്ടിലെ നിരോധിത കീടനാശിനി ഉപയോഗം"

| **ചോദ്യം**<br>ശ്രീ. തോമസ് ചാണ്ടി | **ഉത്തരം**<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കുട്ടനാട്ടിലെ നിരോധിത കീടനാശിനി ഉപയോഗത്തിനെതിരെ കൃഷിവകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) കുട്ടനാട്ടിൽ നിരോധിത കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായി തടയുന്നതിന് ശക്തമായ നടപടികളുടെ ഭാഗമായി കൃഷി ഓഫീസർമാർ രണ്ടാഴ്ചയിലൊരിക്കൽ എല്ലാ കീടനാശിനി വിതരണ വിൽപന കേന്ദ്രങ്ങളും നിർബന്ധമായി പരിശോധിച്ച് നിരോധിത കീടനാശിനികളുടെ വിതരണവും വിൽപനയും നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. കീടനാശിനി ഉത്പാദകരും വിതരണക്കാരും കർഷകർക്കും കർഷക സംഘങ്ങൾക്കും നേരിട്ട് കീടനാശിനികൾ വിൽപന നടത്തുന്നതും നിരോധിച്ചിട്ടുണ്ട്. രാസവസ്തുക്കൾ പരമാവധി കുറച്ചും കാര്യക്ഷമമായി ഉപയോഗിച്ചും കൊണ്ടുള്ള നല്ല കാർഷിക മുറകൾ, സംയോജിത കീടരോഗ നിയന്ത്രണം, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയും നടപ്പാക്കി വരുന്നു. |
| (ബി) കൃഷിവകുപ്പിന്റെ അനുമതിയില്ലാതെ നിയന്ത്രിത ഉപയോഗത്തിനുള്ള കീടനാശിനികൾ വിറ്റഴിക്കുന്ന കീടനാശിനി കമ്പനികൾക്കും വിതരണക്കാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ? | (ബി) നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപനക്കാർ വിതരണം നടത്താവൂ എന്നും ആയതിന്റെ രജിസ്റ്റർ ഡിപ്പോകളിൽ സൂക്ഷിക്കണം എന്നുമുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന വിൽപനക്കാർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ